## പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി III
# (ജലവിഭവം)

## 2015-2016 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരം സമർപ്പിക്കുന്നത്

2016 നവംബർ 11-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി III
# (ജലവിഭവം)

## 2015-2016 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരം സമർപ്പിക്കുന്നത്

1212/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി III
## (ജലവിഭവം)
## (2016-2018)

**ഘടന**

ചെയർമാൻ:

ശ്രീ. മാത്യു ടി. തോമസ്,
ജലവിഭവ വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. എ. എം. ആരിഫ്

ശ്രീ. വി. ടി. ബൽറാം

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. കൃഷ്ണൻകുട്ടി

ശ്രീ. കെ. ജെ. മാക്സി

ശ്രീ. മോൻസ് ജോസഫ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. പി. ടി. എ. റഹീം

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. പി. ടി. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എ. ഷൈല., ജോയിന്റ് സെക്രട്ടറി

ശ്രീമതി രമാദേവി അമ്മ എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

സബ്ജക്ട് കമ്മിറ്റി III (ജലവിഭവം)-ന്റെ ചെയർമാനായ ഞാൻ, 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി III (ജലവിഭവം)-ന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 8-6-2015-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ 80 ശിപാർശകളാണുള്ളത്. ഇവയിൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ 20-9-2016, 26-10-2016 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടിപത്രികകൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2016 ഒക്ടോബർ 26-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

മാത്യു ടി. തോമസ്,<br>*ചെയർമാൻ,*<br>*സബ്ജക്ട് കമ്മിറ്റി III .*

തിരുവനന്തപുരം,<br>2016 ഒക്ടോബർ 26.

# റിപ്പോർട്ട്

വിഷയനിർണ്ണയ സമിതി III (ജലവിഭവം)-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്ന റിപ്പോർട്ടാണിത്

<u>ശിപാർശ</u>

2215 - <u>ശുദ്ധജലവിതരണവും ശുചീകരണവും</u>

2215-01-101-98 - <u>ശുദ്ധജലവിതരണം - നഗരശുദ്ധജലവിതരണ പദ്ധതി - നിർമ്മാണത്തിലിരിക്കുന്ന നഗര ശുദ്ധജലവിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായുള്ള പ്രത്യേക പദ്ധതി</u>

നിർമ്മാണത്തിലിരിക്കുന്ന നഗര ശുദ്ധജലവിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായുള്ള ഈ പദ്ധതിയിൽ 45 കോടി രൂപയാണ് നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ 12 നഗര ശുദ്ധജല വിതരണ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നതിനാലും, ഇതിൽ 4 പദ്ധതികൾ മിഷൻ 676-ൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നതിനാലും ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷത്തെ പ്രസ്തുത ശീർഷകത്തിൽ നിന്നും 30.75 കോടി രൂപ മാത്രമാണ് ചെലവായത്. ആയതിനാൽ അധിക തുകയുടെ ആവശ്യം വന്നില്ല.

<u>ശിപാർശ</u>

2215-01-102-81 - <u>ശുദ്ധജലവിതരണം - ഗ്രാമീണ ജലവിതരണ പദ്ധതി - ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി</u>

ചെറുതും വലുതുമായ 15 ഓളം പദ്ധതികൾ ഈ ശീർഷകത്തിൽ ഉൾപ്പെടുന്നു. ഇതിൽ 6 പദ്ധതികൾ മിഷൻ 676-ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

ആയതിലേയ്ക്കായി ഈ ശീർഷകത്തിൽ 3.9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തെ പ്രസ്തുത ശീർഷകത്തിൽ നിന്നും 35.61 കോടി രൂപ മാത്രമാണ് ചെലവായത്. ആയതിനാൽ അധിക തുകയുടെ ആവശ്യം വന്നില്ല.

ശിപാർശ

2215-01-190-99 (04) - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - നഗര ജലവിതരണ സ്കീമുകൾ നിലവിലുള്ള സ്കീമുകളുടെ മെച്ചപ്പെടുത്തലും പുനരുദ്ധാരണവും

നഗരശുദ്ധജലവിതരണ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 7 കോടി രൂപ അപര്യാപ്തമായതിനാൽ, നഗര ശുദ്ധജലവിതരണ പദ്ധതികളുടെ വിവിധ ഘടകങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി പദ്ധതി കാര്യക്ഷമമാക്കുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തെ പ്രസ്തുത ശീർഷകത്തിൽ നിന്നും 3.29 കോടി രൂപ മാത്രമാണ് ചെലവായത്. ആയതിനാൽ അധിക തുകയുടെ ആവശ്യം വന്നില്ല.

ശിപാർശ

2215-01-190-99 (07) - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - മറ്റ് ഗ്രാമീണ ജലവിതരണ പദ്ധതികൾ - നിലവിലുള്ള സ്കീമുകൾ മെച്ചപ്പെടുത്തൽ

കേരള വാട്ടർ അതോറിറ്റി പൂർത്തീകരിച്ച 1120 ഗ്രാമീണ ശുദ്ധജല പദ്ധതികളിലൂടെ ശുദ്ധജലം വിതരണം ചെയ്യുന്നു. ടി പദ്ധതികളുടെ വിവിധ ഘടകങ്ങളുടെ കാലപ്പഴക്കംമൂലം കുടിവെള്ളം പൂർണ്ണതോതിൽ വിതരണം നടത്താൻ

സാധിക്കുന്നില്ല. ആയതിനാൽ, വിവിധ ഘടകങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനും, വേനൽക്കാലത്തെ ജലദൗർലഭ്യം പരിഹരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തെ പ്രസ്തുത ശീർഷകത്തിൽ നിന്നും 2.28 കോടി രൂപ മാത്രമാണ് ചെലവായത്. ആയതിനാൽ അധിക തുകയുടെ ആവശ്യം ഉണ്ടായിട്ടില്ല.

ശിപാർശ

2215-01-190-99 (18) - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - ഊർജ്ജിത ഗ്രാമീണ ജലവിതരണ പദ്ധതികൾ (50% കേന്ദ്രവിഹിതം)

ത്വരിത ഗ്രാമീണ പദ്ധതിയിൽ ഉൾപ്പെടുത്തി 209 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികൾ 2015-16-ൽ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 80 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തെ പ്രസ്തുത ശീർഷകത്തിൽ നിന്നും 158.35 കോടി രൂപ അനുവദിച്ചുനൽകിയിരുന്നു. ഫണ്ടിന്റെ അപര്യാപ്തത മൂലം കൂടുതൽ തുക അനുവദിച്ച് നൽകിയിട്ടില്ല.

ശിപാർശ

2215-01-190-96 - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കുപ്പിവെള്ളം നിർമ്മാണ യൂണിറ്റ്

കുപ്പിവെള്ള നിർമ്മാണ പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. വളരെയധികം സാമ്പത്തികനേട്ടം ഉണ്ടാക്കുവാനും നമ്മുടെ സംസ്ഥാനത്ത് കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുവാനും സാധിക്കുന്ന ഈ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിലെ സ്കീമുകളുടെ പ്രാരംഭനടപടികൾ പൂർത്തീകരിച്ച് വരുന്നതേയുള്ളൂ. ആയതിനാൽ അധിക തുകയുടെ ആവശ്യം ഉണ്ടായിട്ടില്ല.

ശിപാർശ

2215-01-190-94 – ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം -ഉപയോഗശൂന്യവും പഴയതുമായ കുഴലുകൾ മാറ്റി സ്ഥാപിക്കൽ

ഉപയോഗശൂന്യവും പഴയതുമായ പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനായി 95 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു. നിലവിൽ പഴയ എ.സി. (പമ്പിംഗ്, ഗ്രാവിറ്റി, ട്രാൻസ്മിഷൻ) മെയിനുകൾ മാത്രമാണ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. ഇതിനുപുറമെ വിതരണ ശൃംഖലയിലെ നിരന്തരം പൊട്ടുന്ന ഉപയോഗശൂന്യമായ പൈപ്പുകൾ മാറ്റി ജലശോഷണം പരിഹരിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 55 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തെ പ്രസ്തുത ശീർഷകത്തിൽ നിന്നും 84.28 കോടി രൂപ മാത്രമാണ് ചെലവായത്. ആയതിനാൽ അധിക തുകയുടെ ആവശ്യം വന്നില്ല.

ശിപാർശ

2215-01-190-89 - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - തീരപ്രദേശങ്ങളിലും കുട്ടനാട്ടിലും ഉപ്പുവെള്ളം ശുചീകരിക്കുന്ന ദ്വിമുഖ പരിപാടികൾ ഉൾപ്പെടെയുള്ള നവീന സാങ്കേതിക വിദ്യ

നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് കേരളത്തിലുടനീളം കുടിവെള്ള വിതരണം സുഗമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ 4 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിലെ സ്കീമുകളുടെ പ്രാരംഭ നടപടികൾ പൂർത്തീകരിച്ച് വരുന്നതിനാൽ തുകയൊന്നും ചെലവായിട്ടില്ല. ആയതിനാൽ അധിക തുകയുടെ ആവശ്യം ഉണ്ടായിട്ടില്ല.

<u>ശിപാർശ</u>

2215-01-800-60 - <u>ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - സാർക്ക് (2010-11) സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ</u>

തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി നടപ്പിലാക്കി വരുന്ന 5 പദ്ധതികൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 4.99 കോടി രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5.01 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം പദ്ധതിക്കായി 4.48 കോടി രൂപ മാത്രമാണ് ചെലവായത്. പദ്ധതി ചെലവ് ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ആയതിനാൽ അധിക തുകയുടെ ആവശ്യം ഉണ്ടായിട്ടില്ല.

<u>ശിപാർശ</u>

2215-01-800 -59 - <u>ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - തലശ്ശേരിയിലെ മലബാർ ക്യാൻസർ സെന്ററിനുള്ള ശുദ്ധജല വിതരണ പദ്ധതി</u>

തലശ്ശേരിയിലെ മലബാർ ക്യാൻസർ സെന്ററിനുള്ള ശുദ്ധജലവിതരണ പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഉടൻ തന്നെ പൂർത്തീകരിക്കുന്ന പ്രസ്തുത പദ്ധതിക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 59.57 ലക്ഷം രൂപ ചെലവായിരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ അഭ്യർത്ഥനയെ തുടർന്ന് 10 ലക്ഷം രൂപ സർക്കാർ അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

### ശിപാർശ

2215-02-190-99 (01) - മാലിന്യനിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - തിരുവനന്തപുരം സിവറെജ് സ്കീം

സിവറെജ് പദ്ധതികളുടെ വിപുലീകരണത്തിന് നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത് 6 കോടി രൂപയാണ്. ദിനംപ്രതി വളർന്നു കൊണ്ടിരിക്കുന്ന തിരുവനന്തപുരം, കൊച്ചി നഗരങ്ങളുടെ ഇന്നത്തെ സാഹചര്യത്തിൽ നിലവിലുള്ള സിവറെജ് പദ്ധതി തികച്ചും അപര്യാപ്തമായതിനാൽ പദ്ധതി നടത്തിപ്പിനായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

### സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തെ പ്രസ്തുത ശീർഷകത്തിൽ നിന്നും 4.51 കോടി രൂപ മാത്രമാണ് ചെലവായത്. ആയതിനാൽ അധിക തുകയുടെ ആവശ്യം വന്നില്ല.

### ശിപാർശ

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്) ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവയും കൂടി ആകെ 1025.50 കോടി രൂപയാണ് 2015-16 സാമ്പത്തിക വർഷം ആവശ്യമായി വന്നിരിക്കുന്നത്. എന്നാൽ വാട്ടർ ചാർജ്ജ് ഇനത്തിലും മറ്റ് ഇനത്തിലും വാട്ടർ അതോറിറ്റി പ്രതീക്ഷിക്കുന്ന ആകെ വരവ് 605.92 കോടി രൂപയാണ്. ആയതിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റുന്നതിന് അധിക പദ്ധതിയേതര സഹായമായി 174.48 കോടി രൂപ താഴെപ്പറയുന്ന കണക്കിനങ്ങളിലൂടെ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

| ക്രമ നമ്പർ | ശീർഷകം | അധികം വകയിരുത്തേണ്ട തുക |
|---|---|---|
| 1 | 2215-01-190-99(19)-31- സഹായധനം-ശമ്പളം | 89.8839 കോടി രൂപ |
| 2 | 2215-01-190-99(19)-36- സഹായധനം-ശമ്പളേതരം | 68.8992 കോടി രൂപ |
| 3 | 2215-02-190-99(02)-31- സഹായധനം-ശമ്പളം | 8.9225 കോടി രൂപ |
| 4 | 2215-02-190-99(02)-36- സഹായധനം-ശമ്പളേതരം | 6.7744 കോടി രൂപ |

(ഖണ്ഡിക 12)

ഫണ്ടിന്റെ അപര്യാപ്തത മൂലം വിഹിതം അനുവദിച്ച് നൽകിയിട്ടില്ല.

ശിപാർശ

4215 - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ്

4215-01-102-98 (01) - ശുദ്ധജലവിതരണം - ഗ്രാമീണ ജലവിതരണം - നബാർഡ് സഹായമുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ

നബാർഡ് സഹായത്തോടെ RIDF XIV മുതൽ RIDF XX-ൽ വരെ ഉൾപ്പെടുത്തി 40 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. ടി പദ്ധതികൾ ആരംഭിച്ച് മൂന്ന് വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 60.82 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തെ പ്രസ്തുത ശീർഷകത്തിൽ നിന്നും 84.56 കോടി രൂപ മാത്രമാണ് ചെലവായത്. ആയതിനാൽ അധിക തുകയുടെ ആവശ്യം വന്നില്ല.

ശിപാർശ

4215-01-800-96 - ശുദ്ധജലവിതരണം - മറ്റു ചെലവുകൾ - വൻകിട ശുദ്ധജല വിതരണ പദ്ധതികൾ - മൂലധനനിക്ഷേപം

കൊച്ചിയിലെ ശുദ്ധജല വിതരണത്തിനായുള്ള 238.53 കോടി രൂപ മതിപ്പു ചെലവുള്ള സമഗ്ര കുടിവെള്ള പദ്ധതി, 14.50 കോടി രൂപയുള്ള കൊല്ലം കല്ലടയാറ്റിലെ കടപുഴ സ്രോതസ്സായുള്ള കുടിവെള്ള പദ്ധതി തുടങ്ങിയ ഭരണാനുമതി ലഭിച്ച വൻകിട

പദ്ധതികൾക്കായി നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 4 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിലെ സ്കീമുകളുടെ പ്രാരംഭ നടപടികൾ പൂർത്തീകരിച്ചു വരുന്നതേയുള്ളൂ. ആയതിനാൽ അധിക തുകയുടെ ആവശ്യം ഉണ്ടായിട്ടില്ല.

ശിപാർശ

2702- ചെറുകിട ജലസേചനം

2702-01-001-99-99 - ഉപരിതലജലം - ഭരണവും നടത്തിപ്പും - എസ്റ്റാബ്ലിഷ്മെന്റ് - വിവരസാങ്കേതിക വിദ്യ

ചെറുകിട ജലസേചന വിഭാഗം സർക്കിൾ, ഡിവിഷൻ, സബ്ഡിവിഷൻ, സെക്ഷൻ ഓഫീസുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേയ്ക്കായി അനുവദിച്ചിരിക്കുന്നത് നാമമാത്രമായ തുകയായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ അധിക തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

ശിപാർശ

2702-02-005-99-ഭൂഗർഭജലം-അന്വേഷണം-ഭൂഗർഭ ജലത്തിനുള്ള അന്വേഷണവും വികസനവും

സംസ്ഥാനത്ത് എല്ലാ സ്ഥലങ്ങളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന്, കുഴൽക്കിണർ നിർമ്മാണത്തിനായി, വിവിധതരം ആധുനിക സാങ്കേതിക മികവുള്ള പുതിയ റിഗ്ഗുകളും ആധുനിക സയന്റിഫിക് ഉപകരണങ്ങളും വാങ്ങുന്നതിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 8.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് ജലദൗർലഭ്യമുള്ള എല്ലാ സ്ഥലത്തും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി ആധുനിക സാങ്കേതിക മികവുള്ള പുതിയ റിഗ്ഗുകളും സയന്റിഫിക്ക് ഉപകരണങ്ങളും വാങ്ങുന്നതിനായി 2016-17 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കാൻ ഭൂജലവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

2702-02-005-82 – <u>ഭൂഗർഭജലം - അന്വേഷണം - നാഷണൽ ഹൈഡ്രോളജി പ്രോജക്ട് - ഭൂഗർഭ ജലവിഭാഗം</u>

ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റിന്റെ മൂന്നാംഘട്ട പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്കും, തുടർ പ്രോജക്ട് നടപ്പിലാക്കുന്നതിനുമായി ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ, നടപ്പുസാമ്പത്തികവർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന പ്രധാന പ്രവർത്തനങ്ങളായ ഹൈഡ്രോളജിക്കൽ ഇൻഫർമേഷൻ സിസ്റ്റത്തിന്റെ തുടർവികസനത്തിനും, സംരക്ഷണത്തിനും വേണ്ട നിരീക്ഷണ കിണറുകളുടെ നിർമ്മാണത്തിനും, റിയൽ ടൈം മോണിറ്ററിംഗ് ഉപകരണങ്ങൾ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ശമ്പളം, വേതനം, യാത്രാബത്ത, പെട്രോൾ & ലൂബ്രിക്കന്റ്, മറ്റ് ഇനങ്ങൾ എന്നിവയ്ക്കും വേണ്ടി അധികതുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 9.83 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക ബുദ്ധിമുട്ട് മൂലം ഈ ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷം അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2702-02-005-77-<u>ഭൂഗർഭജലം-അന്വേഷണം-രാജീവ് ഗാന്ധി കുടിവെള്ള സംരംഭം (സംസ്ഥാന പദ്ധതി)</u>

കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ ഭൂജലപര്യവേഷണം നടത്തി കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥാനം കണ്ടെത്തി അവ നിർമ്മിച്ച് ജലവിതരണം നടത്തുകയും ചെയ്യുന്ന ഈ പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ സാധിച്ചിട്ടുള്ള ഈ പദ്ധതിക്ക് നിലവിലുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനായി ഈ ശീർഷകത്തിൽ 11.55 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.



(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

രാജീവ് ഗാന്ധി കടിവെള്ള പദ്ധതിക്കായി 2015-16 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന ഒരു കോടി രൂപ അപര്യാപ്തമാണെന്ന സമിതിയുടെ അഭിപ്രായത്തിന്റേയും അധിക തുക അനുവദിക്കണമെന്ന ശിപാർശയുടെയും അടിസ്ഥാനത്തിൽ ഒരു കോടി രൂപ പ്രസ്തുത പദ്ധതിക്കായി അധികചെലവായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2702-03-101-98 (03) - <u>സംരക്ഷണപ്പണികൾ - വാട്ടർ ടാങ്കുകൾ - സംരക്ഷണ പ്പണികൾ - മറ്റ് ചെലവുകൾ - വെള്ളപ്പൊക്ക നാശം മൂലമുള്ള അറ്റകുറ്റപ്പണികൾ</u>

വെള്ളപ്പൊക്കംമൂലം ചെറുകിട ജലസേചന പദ്ധതികൾക്ക് നേരിടുന്ന കെടുതികൾ ഇല്ലാതാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 12 കോടി രൂപ അപര്യാപ്തമായതിനാൽ, വെള്ളപ്പൊക്കംമൂലം ചെറുകിട ജലസേചനപദ്ധതികൾക്ക് ഉണ്ടാകുന്ന കേടുപാടുകൾ തീർക്കുന്നതിനും തോടുകളുടെ പാർശ്വസംരക്ഷണത്തിനും ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തിന് പുറമേ 1,73,58,546/- രൂപ അധികമായി അനുവദിച്ചു. ഈ ശീർഷകത്തിൽ മൊത്തം ചെലവ് 13,73,60,000/- രൂപ ആകുന്നു. അധികമായി ചെലവായ 1,73,58,546/- രൂപ റീ അപ്രോപ്രിയേഷനിലൂടെ ക്രമപ്പെടുത്തിയിട്ടുള്ളതാകുന്നു.

<u>ശിപാർശ</u>

2702-03-101 -97 - <u>സംരക്ഷണപ്പണികൾ - വാട്ടർ ടാങ്കുകൾ - 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൻ കീഴിലുള്ള ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം.</u>

ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണത്തിനായി നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 31-3-2015 വരെയുള്ള കാലയളവിൽ പൂർത്തിയാക്കിയിട്ടുള്ള പണികളുടെ കടിശ്ശിക ബില്ലുകൾ കൊടുത്തു തീർക്കുന്നതിന് ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തിന് പുറമേ 31,36,549 രൂപ അധികമായി അനുവദിച്ച ഈ ശീർഷകത്തിൽ മൊത്തം ചെലവ് 31,37,000 രൂപ ആകുന്നു. അധികമായി ചെലവായ 31,36,549 രൂപ റീ അപ്രോപ്രിയേഷനിലൂടെ ക്രമീകരിച്ചിട്ടുള്ളതാകുന്നു.

<u>ശിപാർശ</u>

2702-03-101 -96 – <u>സംരക്ഷണപ്പണികൾ - വാട്ടർ ടാങ്കുകൾ - 14-ാം ധനകാര്യ കമ്മീഷൻ അവാർഡിൻ കീഴിലുള്ള ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം</u>

ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണത്തിനായി 14-ാം ധനകാര്യ കമ്മീഷൻ മുഖേന അനുവദിക്കുന്ന ഈ തുക, വിവിധ മൈനർ ഇറിഗേഷൻ പദ്ധതികളുടെ സംരക്ഷണത്തിനായി ഉപയോഗിക്കുന്നു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിലെ അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2702-80-005 -99 - <u>ജനറൽ - അന്വേഷണം - ചെറുകിട ജലസേചന പണികളെപ്പറ്റി വിശദമായ അന്വേഷണവും സംയോജിത പദ്ധതികൾ തയ്യാറാക്കലും.</u>

ചെറുകിട ജലസേചന പ്രവർത്തനങ്ങളിൽ പര്യവേഷണം തുടങ്ങുന്നതിനും വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പുതിയ പദ്ധതികളുടെ പര്യവേഷണത്തിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 7,21,056 രൂപ അധികമായി അനുവദിച്ചിട്ടുള്ളതാകുന്നു. വർഷാന്ത്യത്തിൽ റീ അപ്രോപ്രിയേഷനിലൂടെ അധികമായി അനുവദിച്ച തുക ക്രമപ്പെടുത്തിയിട്ടുള്ളതാകുന്നു.

<u>ശിപാർശ</u>

2705-<u>കമാന്റ് ഏരിയ വികസനം.</u>

2705-00-101-81- <u>കമാന്റ് ഏരിയ വികസന അതോറിറ്റിക്കുള്ള സഹായം - കേരളം-</u>
<u>കാഞ്ഞിരംപുഴ പ്രോജക്ട് (50% കേന്ദ്രാവിഷ്കൃതം)</u>

50% കേന്ദ്രാവിഷ്കൃത പദ്ധതിയായ കാഞ്ഞിരംപുഴ പദ്ധതിയുമായി ബന്ധപ്പെട്ട പുതിയ ഗൈഡ്‌ലൈൻപ്രകാരം ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ എന്നീ കംപോണന്റുകൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും ചാനൽ പ്രവർത്തനങ്ങൾ രണ്ട് വർഷത്തിനകം പൂർത്തീകരിക്കേണ്ടതായതിനാലും ഈ ശീർഷകത്തിൽ 1.53 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥ നയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

30.03.2016-ലെ സ.ഉ. (സാധാ) നം. 316/2016/ജ.വിഭ. ഉത്തരവ് പ്രകാരം കാഞ്ഞിരപ്പുഴ പദ്ധതിയുടെ ഫീൽഡ് ചാനൽ വർക്കുകൾക്കായി 2705-00-101-81-04 (P) എന്ന ശീർഷകത്തിൽ 19,00,000 ലക്ഷം രൂപ (പത്തൊമ്പത് ലക്ഷം രൂപ) ധനപുനഃവിനിയോഗത്തിലൂടെ അനുവദിച്ചിട്ടുണ്ട്. ഫീൽഡ് ഡ്രെയിൻ വർക്കുകൾക്കായി അധിക തുക ആവശ്യമായി വരാത്തതിനാൽ ഈ ഇനത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2705-00-101 -75 - <u>കമാന്റ് ഏരിയ വികസന അതോറിറ്റിക്കുള്ള സഹായം -</u>
<u>കേരളം - മൂവാറ്റുപുഴ ജലസേചന പദ്ധതി</u>

മൂവാറ്റുപുഴ പദ്ധതിയുമായി ബന്ധപ്പെട്ട പുതിയ ഗൈഡ്‌ലൈൻപ്രകാരം എസ്റ്റാബ്ലിഷ്മെന്റ്, ഫീൽഡ് ചാനൽ, വെള്ളക്കെട്ടുപ്രദേശങ്ങൾ നികത്തൽ എന്നീ കംപോണന്റുകൾക്കായി വകയിരുത്തിയിരിക്കുന്ന 2.2 കോടി രൂപ അപര്യാപ്തമായതിനാലും മൈക്രോ ഇറിഗേഷൻ, സർവ്വേ പ്ലാനിംഗ് എന്നിവയ്ക്ക് തുക വകയിരുത്തിയിട്ടില്ലാത്തതിനാലും ഈ ശീർഷകത്തിൽ 3.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

മൂവാറ്റുപുഴ പദ്ധതിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി 19-3-2016-ലെ സ.ഉ. (സാധാ) നം. 265/2016/ജ.വിവ. ഉത്തരവു പ്രകാരം 25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം രൂപ) 30.03.2016-ലെ സ.ഉ. (സാധാ) നം. 316/2016/ജ.വിവ. ഉത്തരവു പ്രകാരം 32,00,000 ലക്ഷം രൂപ (മുപ്പത്തിരണ്ട് ലക്ഷം രൂപ) 2705-00-101-75-01 (P) എന്ന ശീർഷകത്തിലും ഫീൽഡ് ചാനൽ വർക്കുകൾക്കായി 30-3-2016-ലെ സ.ഉ. (സാധാ) നം.316/2016/ജ.വിവ. ഉത്തരവു പ്രകാരം 44,41,000 (നാൽപ്പത്തിനാലു ലക്ഷത്തി നാൽപ്പത്തി ഒന്നായിരം രൂപ) 2705-00-101-75-04 (P) എന്ന ശീർഷകത്തിലും ധനപുനഃവിനിയോഗത്തിലൂടെ അനുവദിച്ചിട്ടുണ്ട്. വെള്ളക്കെട്ടുപ്രദേശങ്ങൾ നികത്തൽ, മൈക്രോ ഇറിഗേഷൻ, സർവ്വേ പ്ലാനിംഗ് എന്നിവ സംബന്ധിച്ച് അധിക തുക ആവശ്യമായി വരാത്തതിനാൽ ഈ ഇനങ്ങളിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

4702 - <u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്</u>

4702-00-101 -99 - <u>ഉപരിതലജലം - ചെറുകിട ജലസേചന ജോലികൾ</u>

ചെക്ക് ഡാമുകൾ, റഗുലേറ്ററുകൾ, ബണ്ടുകൾ, ചെറിയ തോടുകൾ, ക്രോസ്ബാറുകൾ മുതലായവ നിർമ്മിച്ച് 200 ഹെക്ടർ വരെ ജലസേചനം ഏർപ്പെടുത്തുന്നതിനായുള്ള ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് 1 കോടി രൂപയാണ്. ചെറുകിട ജലസേചനം ക്ലാസ്സ് 1-ൽപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 6,57,49,750 രൂപ അധികമായി അനുവദിച്ചിട്ടുള്ളതാകുന്നു. ഉപധനാഭ്യർത്ഥന/റീ അപ്രോപ്രിയേഷൻ ഇവ മുഖാന്തിരം വർഷാന്ത്യത്തിൽ ടി തുക ക്രമീകരിച്ചിട്ടുള്ളതാകുന്നു.

<u>ശിപാർശ</u>

4702-00-101-93 - <u>ഉപരിതലജലം - ചെറുകിട ജലസേചന ജോലികൾ - നബാർഡ് സഹായത്തോടെയുള്ള പദ്ധതി.</u>

നബാർഡ് സഹായമുള്ള ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 25 കോടി രൂപ അപര്യാപ്തമായതിനാൽ പണികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 34,05,84,000/- രൂപ അധികമായി അനുവദിച്ചിട്ടുള്ളതാകുന്നു. ഉപധനാഭ്യർത്ഥന/റീ അപ്രോപ്രിയേഷൻ ഇവ മുഖാന്തിരം വർഷാന്ത്യത്തിൽ ടി തുക ക്രമീകരിച്ചിട്ടുള്ളതാകുന്നു.

ശിപാർശ

4702-00-101-90 - ഉപരിതലജലം - ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കൽ

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പണികൾ പൂർത്തീകരിക്കുന്നതിനും ബില്ലുകൾ കൊടുത്തു തീർക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ അധികമായി 1,10,32,000 രൂപ അനുവദിച്ചിട്ടുള്ളതാകുന്നു. ടി തുക ഉപധനാഭ്യർത്ഥന/റീ അപ്രോപ്രിയേഷൻ മുഖാന്തിരം ക്രമപ്പെടുത്തിയിട്ടുള്ളതാകുന്നു.

ശിപാർശ

4702-00-101-87 - ഉപരിതലജലം - കുളങ്ങളുടെ നവീകരണം

കുളങ്ങളുടെ നവീകരണം സംബന്ധിച്ച പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ചെറുകിട ജലസേചനത്തിനായി സംസ്ഥാനത്തെ കുളങ്ങളുടെ നവീകരണത്തിനായി 2010-11 വർഷം ആരംഭിച്ച ഈ പദ്ധതിക്കായി 29 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും കരാറുകാരുടെ ബിൽ തുക കൊടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 30,61,05,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ഉപധനാഭ്യർത്ഥന/ റീ അപ്രോപ്രിയേഷൻ മുഖാന്തിരം വർഷാന്ത്യത്തിൽ ടി തുക ക്രമീകരിച്ചിട്ടുള്ളതാകുന്നു.

ശിപാർശ

4702-00-101-86 - ഉപരിതലജലം - 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്

പ്രസ്തുത ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. 31.03.2015 വരെയുള്ള കാലയളവിൽ 13-ാം ധനകാര്യ കമ്മീഷൻ

അവാർഡ് പ്രകാരം പണിപൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽ തുക നല്കുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 12.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 7,58,76,000 രൂപ അധികമായി അനുവദിച്ചിരുന്നുവെങ്കിലും ആകെ 9,60,83,000 രൂപ അധികമായി ചെലവായിട്ടുണ്ട്. ആയതിൽ 9,10,94,000 രൂപ SDG യിലും 49,89,000 രൂപ റീ അപ്രോപ്രിയേഷനിലൂടെയും ക്രമീകരിച്ചിട്ടുണ്ട്.

ശിപാർശ

4702-00-101-84 - ഉപരിതലജലം - മുൻഗണനാപ്രവർത്തികൾ

മുൻഗണനാ പ്രവർത്തികൾക്കായുള്ള ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ 1,000 രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പണികൾ പൂർത്തിയാക്കുന്നതിനും കരാറുകാരുടെ ബിൽ തുക കൊടുക്കുന്നതിനും ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 41,34,82,240 രൂപ അധികമായി ചെലവഴിക്കുകയും SDG യിൽ തുക അനുവദിക്കുകയും ചെയ്തു.

ശിപാർശ

4702-00-101-80 - ഉപരിതലജലം - ചെറുകിട ജലസേചന വിംഗ് മുഖേനയുള്ള തലയാർ കനാലിന്റെ ഇടതു-വലത് പാർശ്വങ്ങളുടെ നവീകരണം.

പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 2013-14-ൽ 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള ഈ പദ്ധതി നടപ്പാക്കുന്നതിനായി 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ അധിക തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

ശിപാർശ

4702-00-101-79 - ഉപരിതലജലം - ചെക്ക് ഡാമുകളും റഗുലേറ്ററുകളും

ചെക്ക് ഡാമുകളും റെഗുലേറ്ററുകളും എന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. സംസ്ഥാനത്ത് 700 ഓളം തടയണകൾ ഘട്ടം ഘട്ടമായി നിർമ്മിക്കുന്നതിന് 400 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്ന കാര്യം 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി 100 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ അധികമായി ചെലവായ 1,25,49,000 രൂപ SDG യിലൂടെ ക്രമീകരിച്ചിട്ടുള്ളതാകുന്നു.

ശിപാർശ

4702-00-101-78 - ഉപരിതലജലം - ഒരു പഞ്ചായത്തിൽ ഒരു കുളം

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 2012-13, 2013-14 എന്നീ വർഷങ്ങളിൽ 139.48 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

4702-00-101-76 - ഉപരിതലജലം - പാമ്പാർ ബേസിലെ ജലവിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തിനായുള്ള മൈക്രോ ഇറിഗേഷൻ പദ്ധതികൾ

പ്രസ്തുത ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പാമ്പാർ ബേസിനിലെ ജലവിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തിനായുള്ള മൈക്രോ ഇറിഗേഷൻ പദ്ധതികളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

2700-വൻകിട ജലസേചനം

2700-11-101-98-നെയ്യാർ ജലസേചന പദ്ധതി - സംരക്ഷണ പണികൾ-മറ്റു ചെലവുകൾ (വാണിജ്യേതരം).

നെയ്യാർ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിട്ടുള്ള 5.06 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, കനാലിലെ വാട്ടർ ലീക്കേജ് മൂലമുള്ള അറ്റകുറ്റപണികൾക്കായി ഈ ശീർഷകത്തിൽ 2.21 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

ശിപാർശ

2700-14-101-98-വടക്കാഞ്ചേരി പദ്ധതി-സംരക്ഷണപ്പണികൾ-മറ്റു ചെലവുകൾ (വാണിജ്യേതരം)

വടക്കാഞ്ചേരി പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള 1.57 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ അറ്റകുറ്റപണികൾക്കായി ഈ ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ നിലവിലെ ബജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചശേഷം ഉചിത ധനപുനർക്രമീകരണ മാർഗ്ഗമായി തുക കണ്ടെത്താവുന്നതാണ്.

ശിപാർശ

2700-16-101-98- പമ്പാ ജലസേചന പദ്ധതി - സംരക്ഷണ പണികൾ-
മറ്റു ചെലവുകൾ (വാണിജ്യേതരം)

പമ്പാ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിട്ടുള്ള 4 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

സാമ്പത്തിക ബുദ്ധിമുട്ട് കാരണം തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2700-27-101-98- കല്ലട ജലസേചന പദ്ധതി - സംരക്ഷണ പണികൾ-
മറ്റു ചെലവുകൾ (വാണിജ്യേതരം)

കല്ലട ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിട്ടുള്ള 6 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ടി പദ്ധതിയുടെ പരവൂർ ഡിസ്ട്രിബ്യൂട്ടറി ഭാഗങ്ങളിലെ പ്രവൃത്തികളും, കനാലുകളുടെ പ്രവൃത്തികളും തീർക്കുന്നതിനായി 4.34 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

സാമ്പത്തിക ബുദ്ധിമുട്ട് കാരണം തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2700-80-001-99- ജനറൽ - ഭരണവും നടത്തിപ്പും

ചീഫ് എഞ്ചിനീയർ - കാവേരി സെൽ, കോഴിക്കോട് (ചീഫ് എഞ്ചിനീയർ-പ്രോജക്റ്റ് -I) ഓഫീസിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 2.2572 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

അനുവദിച്ച തുകയിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധികതുക ആവശ്യമായി വന്നില്ല. ആയതിനാൽ അനുവദിച്ചില്ല.

ശിപാർശ

2701-ഇടത്തരം ജലസേചനം

2701-02-101-98-ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി-സംരക്ഷണപ്പണികൾ-മറ്റു ചെലവുകൾ (വാണിജ്യപരം)

ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതിയുടെ സംരക്ഷണപ്പണികൾക്കായി അനുവദിച്ചിരിക്കുന്ന 1.50 കോടി രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതിയുടെ ലിങ്ക് കനാലിന്റെ വീതി കൂട്ടുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ നിലവിലെ ബജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചശേഷം ഉചിത ധനപുനർക്രമീകരണ മാർഗ്ഗമായി തുക കണ്ടെത്താവുന്നതാണ്.

ശിപാർശ

2701-03-101-98-ചീരക്കുഴി പദ്ധതി-സംരക്ഷണപ്പണികൾ-മറ്റു ചെലവുകൾ (വാണിജ്യപരം)

ചീരക്കുഴി പദ്ധതിയുടെ സംരക്ഷണപ്പണികൾക്കായി അനുവദിച്ചിരിക്കുന്ന 1 കോടി രൂപയും മറ്റു ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന 15 ലക്ഷം രൂപയും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ നിലവിലെ ബജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചശേഷം ഉചിത ധനപുനർക്രമീകരണ മാർഗ്ഗമായി തുക കണ്ടെത്താവുന്നതാണ്.

ശിപാർശ

2701-13 - കബിനി - കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)

പ്രസ്തുത പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ടി പദ്ധതിക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

ശിപാർശ

2701-14-101-98- ചിമ്മിണി പദ്ധതി - സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ (വാണിജ്യേതരം)

ചിമ്മിണി ഡാമിന്റെ സംരക്ഷണ പണികൾക്ക് അനുവദിച്ചിരിക്കുന്ന 90 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സംരക്ഷണ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം അധിക തുക അനുവദിക്കാൻ സാധിച്ചില്ല

ശിപാർശ

2701-18-001-97- ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ് - ഭരണവും നടത്തിപ്പും (വാണിജ്യേതരം)

ചുറ്റുവട്ടം പദ്ധതികൾക്കായി ടോക്കൺ പ്രൊവിഷൻ 1,000 രൂപ മാത്രമെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളൂ. ശമ്പളം നൽകുന്നതിനും മറ്റു ചെലവുകൾക്കായി ഈ ശീർഷകത്തിൽ 3.0308 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

നിലവിൽ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ നടക്കാത്തതിനാലും, ശമ്പളവും അനുബന്ധചെലവുകളും വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നിലവിലുള്ള ഉദ്യോഗസ്ഥരെ പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, അധിക തുക അനുവദിക്കേണ്ട ആവശ്യം ഉണ്ടായില്ല.

ശിപാർശ

2701-80-001-99-99 - ജനറൽ - ഭരണവും നടത്തിപ്പും - നടത്തിപ്പ്, ചീഫ് എഞ്ചിനീയർ ജലസേചനം - വിവരസാങ്കേതികവിദ്യ

ഇറിഗേഷൻ, പ്രോജക്ട് എന്നീ ചീഫ് എഞ്ചിനീയർമാരുടെയും മറ്റ് ജീവനക്കാരുടെയും ഓഫീസുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് നാമമാത്രമായ തുകയാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2701-80-001 -98 -99 - ജനറൽ - ഭരണവും നടത്തിപ്പും - മേൽനോട്ടം - വിവരസാങ്കേതിക വിദ്യ

ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ ഓഫീസുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

സാമ്പത്തിക ബുദ്ധിമുട്ട് മൂലം ഈ ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷം അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2701-80-001 -97 -99 - ജനറൽ - ഇടത്തരം ജലസേചനം - ഭരണവും നടത്തിപ്പും - നടത്തിപ്പ് - വിവരസാങ്കേതികവിദ്യ

ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഇറിഗേഷൻ, മെക്കാനിക്കൽ, ഇൻലാൻഡ് നാവിഗേഷൻ എന്നീ ഡിവിഷനുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദി ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

സാമ്പത്തിക ബുദ്ധിമുട്ട് മൂലം ഈ ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷം അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2701-80-001-95-ജനറൽ-ഭരണവും നടത്തിപ്പും-കേരള ഡാം സുരക്ഷ അതോറിറ്റി

കേരള ഡാം സുരക്ഷ അതോറിറ്റിയിലെ ജീവനക്കാരുടെ ശമ്പളത്തിന് ധനസഹായമായും മറ്റു ചെലവുകൾക്കുമായും വകയിരുത്തിയിരിക്കുന്ന 91.31 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തിന്റെ ശേഷിക്കുന്ന കാലയളവിലേയ്ക്കുള്ള ജീവനക്കാരുടെ ശമ്പളത്തിനും, കൂടാതെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ടുണ്ടാകാവുന്ന അധിക ചെലവുകൾ വഹിക്കേണ്ടതിനാലും സമിതി ശിപാർശ ചെയ്ത അധിക തുകയായ 26 ലക്ഷം രൂപ അനുവദിക്കുന്നതിലേയ്ക്കുള്ള നിർദ്ദേശം കേരള ഡാം സുരക്ഷാ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കാൻ

നിർവ്വാഹമില്ലെന്നും നിലവിലുള്ള വിഹിതം പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, നിലവിലുള്ള ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച് തീർന്നതിന് ശേഷം ഉചിത ധനപുനർക്രമീകരണം വഴി തുക അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുവാൻ കേരള ഡാം സുരക്ഷ അതോറിറ്റിയോട് ആവശ്യപ്പെടുകയും ഇതിൻ പ്രകാരമുള്ള കേരള ഡാം സുരക്ഷ അതോറിറ്റി സമർപ്പിച്ച പുതിയ നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## ശിപാർശ

2701-80-005 -98 – ജനറൽ - സർവ്വേയും ഇൻവെസ്റ്റിഗേഷനും - അന്വേഷണവും ഗവേഷണവും.

പര്യവേഷണവും ഗവേഷണവും സംബന്ധിച്ച മറ്റു ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 20.26 ലക്ഷം രൂപയിൽ നിന്നും റെയിൻഗേജ് റീഡർമാരുടെ വേതനവും കൂടി നൽകുന്നതിനാൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ റെയിൻഗേജ് റീഡർമാരുടെ വേതനവും കുടിശ്ശിക വേതനവും നൽകുന്നതിനായി ഈ ശീർഷകത്തിൽ 86.78 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

## സ്വീകരിച്ച നടപടി

സാമ്പത്തിക ബുദ്ധിമുട്ട് മൂലം 2015-16 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

## ശിപാർശ

2701-80-005-95 – ജനറൽ - സർവ്വേയും ഇൻവെസ്റ്റിഗേഷനും - ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാട്.

പാലക്കാട് ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷനിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റു ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന 3.0302 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8.2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

## സ്വീകരിച്ച നടപടി

ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി 2015-16 സാമ്പത്തികവർഷം ധനപുനർവിനിയോഗത്തിലൂടെ 16.74 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2701-80-005 -94 - ജനറൽ - സർവ്വേയും ഇൻവെസ്റ്റിഗേഷനും - കടമത്തോട് പദ്ധതി- വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കലും പരിസ്ഥിതി പ്രത്യാഘാത പഠനവും.

പ്രസ്തുത പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ടി പദ്ധതിയ്ക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സ്വീകരിച്ച നടപടി

സാമ്പത്തിക ബുദ്ധിമുട്ട് മൂലം 2015-16 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2701-80-800 -97 - ജനറൽ - മറ്റു ചെലവുകൾ - മറ്റു ജലസേചന പണികളുടെ സംരക്ഷണപ്പണികളും അറ്റകുറ്റപ്പണികളും.

പൂർത്തിയായ ജലസേചന പദ്ധതികളിൽ സംരക്ഷണ പണികൾക്ക് പ്രത്യേകമായി തുക വകകൊള്ളിച്ചിട്ടില്ലാത്തവയുടെ സംരക്ഷണപ്പണികൾക്കും തൃശ്ശൂർ കോൾ നിലങ്ങളിൽ ജലസേചന വികസന പ്രവർത്തനങ്ങൾക്കുമായി 2.5 കോടി രൂപയാണ് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത തുക അപര്യാപ്തമായതിനാലും സാൾട്ട് വാട്ടർ ബാരേജിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്കായും ഈ ശീർഷകത്തിൽ 9.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

സാമ്പത്തിക ബുദ്ധിമുട്ട് മൂലം ഈ ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷം അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2711 - വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും

2711-01-103-99 - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്ക് - വെള്ളപ്പൊക്ക നിയന്ത്രണപ്പണികൾ - സംരക്ഷണം

വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾക്കായി കൂടുതൽ തുക അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന മുഖേന 2.09 കോടി രൂപയും ധനപുനഃവിനിയോഗത്തിലൂടെ 1 കോടി രൂപയും ആകെ 3.09 കോടി രൂപ അധികമായി അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

2711-01-103-98 – <u>വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്ക് - വെള്ളപ്പൊക്ക കെടുതികൾ മൂലമുള്ള അറ്റകുറ്റപ്പണികൾ.</u>

വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ പ്രത്യേകമായ സംരക്ഷണത്തിനും വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുമായി 8 കോടി രൂപയാണ് ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ വെള്ളപ്പൊക്ക കെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന മുഖേന 4.38 കോടി രൂപയും ധന പുനഃവിനിയോഗത്തിലൂടെ 0.37 കോടി രൂപയും ആകെ 4.75 കോടി രൂപ അധികമായി അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

2711-02-103-99 – <u>കടലാക്രമണ നിരോധന പദ്ധതികൾ - സിവിൽ വർക്ക് - കടലാക്രമണ നിരോധന പണികൾ - സംരക്ഷണം.</u>

കടൽഭിത്തികൾക്ക് നേരിടുന്ന കെടുതികളുടെ സംരക്ഷണ പണികൾക്കും കൂടാതെ പ്രകൃതി ക്ഷോഭത്തിൽ നിന്നും കടൽ തീരത്തെ സംരക്ഷിക്കുന്നതിനുള്ള അടിയന്തര പണികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന മുഖേന 8.68 കോടി രൂപ അധികമായി അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

2711-02-800-99 (03) - <u>കടലാക്രമണ നിരോധന പദ്ധതികൾ - മറ്റു ചെലവുകൾ - കടലാക്രമണ നിരോധനപദ്ധതികൾ - കോസ്റ്റൽ എറോഷൻ പദ്ധതികൾ സംബന്ധിച്ച പഠനം - മറ്റു ചെലവുകൾ</u>

കടലാക്രമണ നിരോധന പദ്ധതിയുടെ ഭാഗമായി കടൽ തീര മണ്ണൊലിപ്പ് തടയുന്നത് സംബന്ധിച്ച പഠനം നടത്തുന്ന ഒരു ഡിവിഷന്റെയും രണ്ട് സബ് ഡിവിഷനുകളുടെയും, അഞ്ച് സെക്ഷനുകളുടെയും പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന 12 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 48 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക ബുദ്ധിമുട്ട് കാരണം തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

4700 - <u>വൻകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്</u>

4700-13 - <u>കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)</u>

കുറ്റ്യാടി ജലസേചന പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

<u>സ്വീകരിച്ച നടപടി</u>

സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

<u>ശിപാർശ</u>

4700-15 - <u>വാമനപുരം പദ്ധതി (വാണിജ്യേതരം)</u>

പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

ശിപാർശ

4700-20- ഇടമലയാർ പദ്ധതി (വാണിജ്യേതരം)

ഇടമലയാർ പദ്ധതിയുടെ ഭരണപരമായ പ്രവർത്തനങ്ങൾക്കും മരാമത്ത് പണികൾക്കും ലാന്റ് അക്വിസിഷൻ കേസുകൾക്കുമായി വകയിരുത്തിയിരിക്കുന്ന 20 കോടി രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതിക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

ശിപാർശ

4700-21 - മീനച്ചിൽ പദ്ധതി (വാണിജ്യേതരം)

പ്രസ്തുത പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ടി പദ്ധതിയ്ക്കായി ഈ ശീർഷകത്തിൽ 8.62 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

സാമ്പത്തിക ബുദ്ധിമുട്ട് കാരണം തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

4700-22-മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)

മൂവാറ്റുപുഴ പദ്ധതിയുടെ ഭരണപരമായ പ്രവർത്തനങ്ങൾക്ക് 12 കോടി രൂപയും മരാമത്ത് പണികൾക്ക് 8 കോടി രൂപയുമാണ് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. ടി തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്

അധിക വിഹിതം അനുവദിക്കാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ നിലവിലെ ബജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചശേഷം ഉചിത ധനപുനർക്രമീകരണ മാർഗ്ഗമായി തുക കണ്ടെത്താവുന്നതാണ്.

ശിപാർശ

4700-25-മൂലത്തറ ആർ.ബി.കനാൽ (വാണിജ്യേതരം)

ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കേണ്ടതിലേയ്ക്കായി ഈ ശീർഷകത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സ്വീകരിച്ച നടപടി

മൂലത്തറ വലതുകര കനാൽ നീട്ടുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ ഭൂമി ഏറ്റെടുക്കൽ ഇതുവരെ പൂർത്തിയായിട്ടില്ല. ഈ സാമ്പത്തിക വർഷത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനായി 180 ലക്ഷം രൂപയും പര്യവേഷണത്തിനായി 40 ലക്ഷം രൂപയുമാണ് ആവശ്യമുള്ളത്. ആയതിനാൽ ഈ സാമ്പത്തിക വർഷത്തേയ്ക്ക് 4701-25-മൂലത്തറ ആർ.ബി. കനാൽ എന്ന ശീർഷകത്തിൽ 40 ലക്ഷം രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ശിപാർശ

4700-28 - ബാണാസുരസാഗർ പദ്ധതി (വാണിജ്യേതരം)

ഈ പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന 2.50 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മരാമത്ത് പ്രവർത്തികൾക്കും ശമ്പളത്തിനുമായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

ശിപാർശ

4701-ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്

4701-12അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. അനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 19 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

അട്ടപ്പാടി പദ്ധതിയുടെ പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്രസർക്കാരിന്റെ വനം, പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്ക് വിധേയമായി അട്ടപ്പാടി പദ്ധതിക്ക് 22-12-2012-ലെ G.O.(Rt) 1031/2012/ജവിവ. നമ്പർ ഉത്തരവ് പ്രകാരം തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. വനം, പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഈ ആവശ്യത്തിലേയ്ക്കായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

ശിപാർശ

4701-13 - കബിനി കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)

കബിനി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് വകയിരുത്തിയിരിക്കുന്ന 6 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

ശിപാർശ

4701-18- ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് (വാണിജ്യേതരം)

നടപ്പുസാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഈ ശീർഷകത്തിൽ 13.55 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സ്വീകരിച്ച നടപടി

നിലവിൽ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ നടക്കാത്തതിനാലും, ശമ്പളവും അനുബന്ധചെലവുകളും വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നിലവിലുള്ള ഉദ്യോഗസ്ഥരെ പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, അധിക തുക അനുവദിക്കേണ്ട ആവശ്യം ഉണ്ടായില്ല.

ശിപാർശ

4701-20 - വെള്ളിയാംകല്ല് കാസ്‌വേ (വാണിജ്യേതരം)

വെള്ളിയാംകല്ല് ഡാമിന്റെ അറ്റകുറ്റപ്പണികൾക്കായി നടപ്പുസാമ്പത്തികവർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഡാമിന്റെ റഗുലേറ്റർ ഷെൽട്ടർ കഴിഞ്ഞാൽ 10 മീറ്ററോളം ദൂരത്തിൽ മാത്രമേ കല്ലുകൾ ഉള്ളുവെന്നും 3 മീറ്ററോളം ദൂരത്തിൽ കല്ലുകൾ ഒലിച്ചുപോയിട്ടുണ്ടെന്നും ഭാവിയിൽ ഇത് ഡാമിന്റെ സുരക്ഷയെ ബാധിക്കുന്ന പ്രശ്നമായി മാറുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത ഡാമിന്റെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സ്വീകരിച്ച നടപടി

വെള്ളിയാംകല്ല് ഡാമിന്റെ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയ വിഹിതം 2016 ജനുവരി 31 വരെ ചെലവഴിച്ചിട്ടില്ലാത്തതിനാൽ അധികവിഹിതം ധനകാര്യ വകുപ്പ് അനുവദിച്ചില്ല.

ശിപാർശ

4701-22-പലകപ്പാണ്ടി നദി തിരിച്ചുവിടൽ പദ്ധതി വാണിജ്യേതരം

നടപ്പുസാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും കടിശ്ശിക ബില്ലുകൾ നൽകുന്നതിനും തുക അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സ്വീകരിച്ച നടപടി

ഈ പദ്ധതിയിൽ പെന്റിംഗ് ബില്ലുകൾ കൊടുത്തുതീർക്കുന്നതിനായി ആകെ 1,25,00,000 രൂപയാണ് ഈ സാമ്പത്തിക വർഷത്തേയ്ക്ക് ആവശ്യമുള്ളത്. ആയതിനാൽ 4701-22-പലകപ്പാണ്ടി നദി തിരിച്ചുവിടൽ പദ്ധതി എന്ന ശീർഷകത്തിൽ 1,25,00,000 രൂപയുടെ അധിക ഫണ്ട് അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ധനവകുപ്പിൽ നിന്നും തുക അനുവദിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയും.

ശിപാർശ

4701-23 - അട്ടപ്പള്ളി റഗുലേറ്റർ - കം - ബ്രിഡ്ജ് (നബാർഡ് സഹായം) (വാണിജ്യേതരം)

പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ, ടി പദ്ധതിക്കായി ഈ ശീർഷകത്തിൽ 7 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2015-16 ൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല. എന്നാൽ ജി.ഒ.(ആർ.ടി) 722/15 ഡബ്ല്യു.ആർ.ഡി തീയതി 01.09.2015 പ്രകാരം '4702-00-102-95-01 work(P)' എന്ന ശീർഷകത്തിലേയ്ക്ക് (Demand XXIX) പ്രവൃത്തി മാറ്റുകയും അതിന് 2015-16 ബഡ്ജറ്റിൽ 5 കോടി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4701-80-800-93 - <u>ജനറൽ - മറ്റു ചെലവുകൾ - നാഷണൽ ഹൈഡ്രോളജി പ്രോജക്ട്</u>

നടപ്പുസാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി 4.42 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക ബുദ്ധിമുട്ട് മൂലം 2015-16 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

4701-80-800-88 - <u>ജനറൽ - മറ്റു ചെലവുകൾ - നദീതട സംഘടന രൂപീകരണം</u>

മണ്ണു സംരക്ഷണം, മലിനീകരണ നിയന്ത്രണം, വെള്ളപ്പൊക്ക നിയന്ത്രണം ജലസമ്പത്തിന്റെ ശരിയായ ഉപയോഗം ഇവ ഉറപ്പാക്കി ഭാരതപ്പുഴയുടെയും മറ്റ് നദികളുടെയും നദീതട വികസനം ലക്ഷ്യമാക്കിയുള്ള ഈ പദ്ധതിക്ക് 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഭാരതപ്പുഴ നദീതട സംരക്ഷണത്തിനുള്ള പുതിയ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 4.7 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക ബുദ്ധിമുട്ട് കാരണം തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

4701-80-800-81 - <u>ജനറൽ - മറ്റു ചെലവുകൾ - ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനുവേണ്ടിയുള്ള നിലവാരനിർണ്ണയം</u>

വിവിധ പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനായി വകയിരുത്തി യിട്ടുള്ള 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.22 കോടി രൂപ

അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക ബുദ്ധിമുട്ട് മൂലം ഈ ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷം അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

4701-80-800-76 (02) - <u>ജനറൽ - മറ്റു ചെലവുകൾ - മുൻഗണനാ പ്രവൃത്തികൾ - മരാമത്തുപണികൾ</u>

ഇടത്തരം ജലസേചന പദ്ധതികളിൽ മുൻഗണനാ പ്രവൃത്തികൾക്ക് 1,000 രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. മുമ്പ് അനുവദിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക ബുദ്ധിമുട്ട് കാരണം തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

4711 - <u>വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്</u>

4711-01-103-99 - <u>വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ</u>

തിരുവനന്തപുരം നഗരം ഒഴികെ സംസ്ഥാനത്തിലെ മറ്റു പ്രദേശങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികളുടെ ചെലവ് വഹിക്കുന്നതിനായി ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ, വെള്ളപ്പൊക്ക നിയന്ത്രണത്തിന് പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ ധനപുനർവിനിയോഗത്തിലൂടെ 4.45 കോടി രൂപ അനുവദിക്കുകയുണ്ടായി.

ശിപാർശ

4711-01-103-98- വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ -തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണപദ്ധതികൾ

ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തുക അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ധനപുനർവിനിയോഗത്തിലൂടെ 7.39 കോടി രൂപ അനുവദിക്കുകയുണ്ടായി.

ശിപാർശ

4711-01-103-90 - വെള്ളപ്പൊക്കനിയന്ത്രണം - സിവിൽ പണികൾ - കുട്ടനാട് പാക്കേജ് (75% സി.എസ്.എസ്.)

കുട്ടനാട് പാക്കേജിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ 200 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 11-ാം പഞ്ചവത്സര കാലത്ത് ആരംഭിച്ച കെ.ഇ.എൽ - 3, കെ.ഇ.എൽ-4, എഫ്.എം.പി. സ്കീം എന്നിവയ്ക്കായും, കേന്ദ്രാനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തണ്ണീർമുക്കം ബാരേജിന്റെ നവീകരണം, കുട്ടനാട് താലൂക്കിലെ പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിവാരണ ജോലികൾ, തോട്ടപ്പള്ളി സ്പിൽവേ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 475 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സ്വീകരിച്ച നടപടി

സാമ്പത്തിക ബുദ്ധിമുട്ട് കാരണം തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

4711-02-103-99 - കടലാക്രമണ നിരോധന പദ്ധതികൾ - സിവിൽ പണികൾ

കടലാക്രമണം സംഭവിക്കുന്ന സ്ഥലങ്ങളിൽ പുതിയ കടൽഭിത്തിയുടെ നിർമ്മാണത്തിനും പഴയവ പുതുക്കി പണിയുന്നതിനുമായി വകയിരുത്തിയിരിക്കുന്ന

35 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, കടൽ ഭിത്തി നിർമ്മാണത്തിനും പുലിമുട്ട് നിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ ധനപുനർവിനിയോഗത്തിലൂടെ 10.33 കോടി രൂപ അധികമായി അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

4711-02-103-90- <u>കടലാക്രമണ നിരോധന പദ്ധതികൾ - സിവിൽ പണികൾ - നബാർഡിന്റെ സഹായത്തോടുകൂടിയുള്ള കടൽ ഭിത്തി നിർമ്മാണം.</u>

പ്രസ്തുത ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 40 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ ധനപുനർവിനിയോഗത്തിലൂടെ 26 കോടി രൂപ അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

സംസ്ഥാനം നേരിടുന്ന വരൾച്ചയെ അഭിമുഖീകരിക്കുന്നതിനായി കുടിവെള്ള ലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിലേക്കായി ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, താത്കാലിക തടയണകൾ, പമ്പ്, മോട്ടോറുകൾ എന്നിവ മാറ്റി സ്ഥാപിക്കൽ, അത്യാവശ്യ പൈപ്പ് ലൈനുകൾ നീട്ടൽ എന്നിവ ഏറ്റെടുക്കേണ്ടതുണ്ട്. ഇതിലേയ്ക്കായി 2015-16 ബഡ്ജറ്റിൽ തുകയൊന്നും നീക്കിവച്ചിട്ടില്ല. ആയതിനാൽ, പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അധിക ധനാഭ്യർത്ഥനയിലൂടെ ബഡ്ജറ്റിൽ പുതിയ ശീർഷകം നൽകി 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

സ്വീകരിച്ച നടപടി

താൽക്കാലിക ബണ്ടുകളുടെയും താൽക്കാലിക തടയണകളുടെയും പ്രവൃത്തികൾ 2702-01-800-94 PM-34-OC എന്ന നിലവിലുള്ള ശീർഷകത്തിൽ ചെയ്യാൻ ഗവൺമെന്റ് ഉത്തരവ് (സാധാ) നം. 383/2015/ജ.വി.വ. തീയതി പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ശീർഷകത്തിൽ 51.96 കോടി രൂപ ചെലവായിട്ടുണ്ട്. സ്ഥിരം തടയണകളുടെ പ്രവൃത്തി പുതിയ ശീർഷകമായ 4702-00-101-79 (P)-ൽ പ്രവൃത്തികൾ നടത്തുകയും 1.25 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ ശുദ്ധജലവിതരണത്തിന്റെ വിപുലീകരണ പദ്ധതിക്ക് 2014-15, 2015-16 എന്നീ സാമ്പത്തികവർഷങ്ങളിലെ ബഡ്ജറ്റിൽ തുകയൊന്നും നീക്കി വച്ചിട്ടില്ല. ആയതിനാൽ, പ്രസ്തുത പദ്ധതിക്ക് അധിക ധനാഭ്യർത്ഥനയിലൂടെ ബഡ്ജറ്റിൽ പുതിയ ശീർഷകം നൽകി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സ്വീകരിച്ച നടപടി

ഫണ്ടിന്റെ അപര്യാപ്തത മൂലം വിഹിതം അനുവദിച്ച് നൽകിയില്ല.

തിരുവനന്തപുരം,
2016, ഒക്ടോബർ 26

മാത്യു ടി. തോമസ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.